9684
3/8/15

**കേരള സർക്കാർ**

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ്- ഇടുക്കി ജില്ലയിലെ ഇടമലക്കുടി ആദിവാസി പെൺകുട്ടികൾക്കുവേണ്ടിയുള്ള പ്രത്യേക പഠന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (ബി) വകുപ്പ്

സ.ഉ.(സാധാ)നം. 488/2015/സാനീവ തീയതി. തിരുവനന്തപുരം 01.08.2015

---

പരാമർശം: 1) 16.06.2015 ലെ സാമൂഹ്യനീതി ഡയറക്ടറുടെ ജി 3 - 2674/15 നമ്പർ കത്ത്.
2) 30.06.2015 ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്.

<u>ഉത്തരവ്</u>

കേരള മഹിളാ സമഖ്യ സൊസൈറ്റി, ഇടുക്കി ജില്ലയിലെ ഇടമലക്കുടി ആദിവാസി പഞ്ചായത്തിലെ പഠനം പാതിവഴിയിൽ ഉപേക്ഷിക്കേണ്ടിവന്ന കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കായി രണ്ടു പ്രത്യേക പഠന കേന്ദ്രങ്ങൾ തുടങ്ങുവാനും റസിഡൻഷ്യലായി 30 കുട്ടികളെ വീതം ഉൾക്കൊള്ളാവുന്ന രണ്ടു സെന്ററുകളിൽ ടി പെൺകുട്ടികളെ തുടർ വിദ്യാഭ്യാസ പദ്ധതിയിലേയ്ക്ക് തിരിച്ചു കൊണ്ടുവന്ന് തൊഴിൽ പരിശീലനവും ജീവിത സാഹചര്യവും ഒരുക്കുന്നതിനും ഉദ്ദേശിക്കുന്നുവെന്നും രണ്ടു വർഷം കൊണ്ട് പൂർത്തിയാക്കാനുദ്ദേശിക്കുന്ന പ്രസ്തുത പദ്ധതിയ്ക്ക് സെൻറർ ഒന്നിന് 21.86 ലക്ഷം രൂപ കണക്കാക്കി ആദ്യവർഷത്തേയ്ക്ക് 43.72 ലക്ഷം രൂപ വനിതാ വികസന പദ്ധതിയുടെ 2235-02-103-92 പ്ലാൻ ശീർഷകത്തിൽ ഉൾപ്പെടുത്തി അനുവദിക്കണമെന്നും സാമൂഹ്യനീതി ഡയറക്ടർ പരാമർശം(1) പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

(2) 30.06.2015 ൽ ചേർന്ന സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് യോഗം ടി ശുപാർശ അംഗീകരിച്ചിട്ടുണ്ട്.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള മഹിളാ സമഖ്യ സൊസൈറ്റി, മുഖേന ഇടുക്കി ജില്ലയിലെ ഇടമലക്കുടി ആദിവാസി പഞ്ചായത്തിലെ പഠനം പാതിവഴിയിൽ ഉപേക്ഷിക്കേണ്ടിവന്ന കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കായി തുടർ വിദ്യാഭ്യാസം നൽകി തൊഴിൽ പരിശീലനവും ജീവിത സാഹചര്യവും ഒരുക്കുന്ന പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയും ആദ്യ വർഷത്തേയ്ക്ക് ടി പദ്ധതിയ്ക്കാവശ്യമായ 43.72 ലക്ഷം രൂപ (നാല്പത്തി മൂന്ന് ലക്ഷത്തി എഴുപത്തി രണ്ടായിരം രൂപ മാത്രം) 2235-02-103-92 എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

എ. ഷാജഹാൻ

സ്പെഷ്യൽ സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
സാമൂഹ്യനീതി (എ) വകുപ്പ്.
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ